JSM 05/2015

**ദൈവകൃപയാൽ**

അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പരി. പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൻ കീഴിലുള്ള മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ഡോ. കുര്യാക്കോസ് തെയോഫിലോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന പരി. സഭയിലെ എല്ലാ ഇടവകകളിലെയും ബഹു. വികാരിമാർക്കും, സഹവികാരിമാർക്കും, കൈക്കാരന്മാർക്കും, കമ്മറ്റിക്കാർക്കും, വിദ്യാർത്ഥിപ്രസ്ഥാനം അംഗങ്ങൾക്കും ശേഷം ജനങ്ങളുമാകുന്ന ആത്മീയമക്കൾക്കും കർത്താവിൽ വാഴ്വ്:-

പ്രിയരേ,

സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശവുമായി നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിനെ നാം എതിരേല്ക്കുകയാണല്ലോ. നസ്രേത്തിലെ കൊച്ചുകുടുംബത്തിലൂടെ മനുഷ്യനിലേക്ക് ഇറങ്ങിവന്ന് കുടുംബത്തെ അനുഗ്രഹിച്ച രക്ഷകനായ ഉണ്ണിയേശുവിന്റെ ജനനപ്പെരുന്നാൾ നമ്മുടെ ഭവനങ്ങളെ സ്നേഹത്തിന്റെ കലവറയും, പരസ്പര കരുതലിന്റെയും സംരക്ഷണത്തിന്റെയും വേദിയും, പ്രാർത്ഥനയുടെയും ദൈവാശ്രയത്തിന്റെയും ചെറുദൈവാലയങ്ങളുമാക്കിത്തീർക്കുവാൻ നമുക്കു ശ്രമിക്കാം.

'ബാലൻ നടക്കേണ്ട വഴി, ശൈശവത്തിൽത്തന്നെ അവനെ പഠിപ്പിക്കുക. വൃദ്ധനാകുമ്പോഴും അതിൽ നിന്ന് തെറ്റിപ്പോകയില്ല' (സദൃ. 22: 6). കലാലയ ജീവിതത്തിനിടയിൽ ദൈവവിശ്വാസത്തിലും മൂല്യങ്ങളിലും അധിഷ്ഠിതമായി വിദ്യാർത്ഥികൾ വളർന്നുവരുവാനുള്ള സാഹചര്യം ഒരുക്കുവാൻ സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു. കേരളത്തിനകത്തും പുറത്തുമായി Mor Gregorios Jacobite Students Movement (M.G.J.S.M.) ന്റെ പ്രവർത്തനങ്ങൾ ഇടവകകളിലും, കലാലയങ്ങളിലും ശ്രേഷ്ഠമായ നിലയിൽ നടന്നുവരുന്നു. ക്രിസ്തുമസ് ദിനത്തിലെ നമ്മുടെ പള്ളികളിലെ കാണിക്ക വിദ്യാർത്ഥിപ്രസ്ഥാനത്തിന് നല്കണമെന്ന പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനം ശ്രേഷ്ഠ ബാവാ കല്പനയിലൂടെ അറിയിച്ചത് ഒരിക്കൽക്കൂടി വിനയത്തോടെ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. കാണിക്കാ ശേഖരണത്തിനായി വിദ്യാർത്ഥികളെ ചുമതലപ്പെടുത്തി അയയ്ക്കുമ്പോൾ അതു നല്കുവാൻ ബഹു. വൈദികരും ഭരണസമിതിയംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. എല്ലാവർക്കും ശാന്തിയും സമാധാനവും പ്രത്യാശയും നിറഞ്ഞ ക്രിസ്തുമസ്സും, ദൈവം കൂടെയിരുന്ന് വഴിനടത്തുന്ന അനുഗ്രഹപൂർണ്ണവുമായ പുതുവത്സരവും ആശംസിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടൊപ്പം വർത്തിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരി. കന്യക മർത്തമറിയം അമ്മയുടെയും, ശ്ലീഹന്മാരിൽ തലവനായ വി. പത്രോസിന്റെയും, പരിശുദ്ധ ഗീവർഗീസ് മോർ ഗ്രീഗോറിയോസിന്റെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ഉദയഗിരി
വൈദിക സെമിനാരിയിൽ നിന്നും
2015 ഡിസംബർ 15-ാം തീയതി

ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്
മെത്രാപ്പോലീത്താ